# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .153 — 25.03.13-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, ടി. എ. അഹമ്മദ് കബീർ<br>,, കെ. എൻ. എ. ഖാദർ<br>,, എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രശ്നപരിഹാരത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | തീരക്കടലിലെ മത്സ്യലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വഴി ഓരോ വർഷവും സീറാഞ്ചിംഗ് എന്ന പദ്ധതി നടപ്പിലാക്കുന്നു. 2012-13 വർഷത്തിൽ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലുമായി 50 ലക്ഷം രൂപയുടെ സീറാഞ്ചിംഗ് പദ്ധതി വഴി 80.23 ലക്ഷം മത്സ്യ/കൊഞ്ച് വിത്തുകൾ നിക്ഷേപിക്കുകയുണ്ടായി. കൃത്രിമ മത്സ്യ ആവാസ വ്യവസ്ഥകൾ സ്ഥാപിച്ച് മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനകേന്ദ്രങ്ങൾ ഒരുക്കി മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. കൂടാതെ മത്സ്യങ്ങൾ പ്രജനനം നടത്തുന്ന സമയത്ത് ജൂൺ 15 മുതൽ ജൂലൈ 31 വരെ പരിപൂർണ്ണ ട്രോൾബാൻ നടപ്പിലാക്കി വരുന്നു. ഈ സമയത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ മത്സ്യബന്ധനം നടത്തുന്നതിന് അനുവാദമുള്ളൂ. ഈ സമയത്ത് മത്സ്യബന്ധന ബോട്ടുകളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നു.<br>പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ, സാമ്പത്തിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ആഴക്കടൽ മത്സ്യബന്ധന പരിപാടി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി. എല്ലാ ദിവസവും കടലിൽ പോകുന്നത് കൂടിയ തോതിൽ ഇന്ധനച്ചെലവുകൾക്ക് കാരണമാകുന്നതിനാൽ ആഴക്കടലിൽപ്പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 400 കിലോഗ്രാം മത്സ്യം വരെ കേടു കൂടാതെ സൂക്ഷിക്കാനുതകുന്ന ഐസ്ബോക്സ്, ദിശയറിഞ്ഞ് കരപറ്റുന്നതിനുതകുന്ന ജി.പി.എസ്, ജീവൻ രക്ഷാ ഉപകരണമായ ലൈഫ് ജാക്കറ്റ്, വിപണി മൂല്യമുള്ള കേരച്ചൂര, നെയ്മീൻ എന്നിവ പിടിക്കുന്നതിന് സഹായിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ ഓരോ മത്സ്യത്തൊഴിലാളിക്കും ലഭ്യമാക്കി. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) വഴി മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ സാമ്പത്തിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പദ്ധതികൾ കൂടാതെ മറ്റു മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾക്കും വനിതാഗ്രൂപ്പുകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിലായി ഏകദേശം 2100 ൽ -പ്പരം ചെറുകിട തൊഴിൽ സംരംഭങ്ങൾ കേരളത്തിലെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളി വനിതകൾക്കായി ആരംഭിച്ചു.<br>പഞ്ഞമാസക്കാലത്ത് സമ്പാദ്യ സമാശ്വാസപദ്ധതിയും ഈ വർഷം തണൽ പദ്ധതി പ്രകാരം സജീവമത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്ക് 1350 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നതിനും 30 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ, മത്സ്യത്തൊഴിലാളികളുടെ പ്രാഥമിക സഹകരണസംഘങ്ങൾക്ക് പ്രവർത്തനമൂലധനം, കെട്ടിടം, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്ക് ധനസഹായം ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി തീരദേശത്ത് മത്സ്യലേലം നടത്തി മത്സ്യത്തിന് ന്യായവില ഉറപ്പു വരുത്തുന്നതിനുള്ള സഹായം എഞ്ചിൻ, വല മുതലായവയ്ക്ക് സബ്സിഡി തുടങ്ങി വിവിധ സഹായങ്ങൾ മത്സ്യഫെഡ് വഴി പരമ്പരാഗത മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കടലിൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മീൻപിടിക്കാവുന്ന പരിധി വർദ്ധിപ്പിക്കാനും ആ മേഖല പരമ്പരാഗത വിഭാഗത്തിനു മാത്രമായി നിലനിർത്താനും നടപടി സ്വീകരിക്കുമോ; | (സി) | 1980-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച G.O(P)No.30/86/F&PD തീയതി 14.03.86 പ്രകാരം കേരള തീരത്തെ കൊല്ലംകോട് മുതൽ പറവൂർ വരെയുള്ള 78 കിലോമീറ്റർ കടലിലെ പ്രദേശത്ത് 30 മീറ്റർ വരെ ആഴം ഉള്ള പ്രദേശവും പറവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെ 512 കിലോമീറ്റർ കടലിലെ പ്രദേശത്തിൽ 20 മീറ്റർ വരെ ആഴം ഉള്ള പ്രദേശവും സ്പെസിഫൈഡ് ഏരിയ കണക്കാക്കി പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് മാത്രം മത്സ്യബന്ധനം നടത്തുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യവിപണനം, പരമ്പരാഗത വിഭാഗത്തിനു മാത്രമായി പരിമിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

(signature)

സെക്ഷൻ ഓഫീസർ